ഉത്തരം

(എ) ഉണ്ടായി.

(ബി) അന്താരാഷ്ട്ര സെമിനാറിന്റെ ഓരോ ഇനത്തിലും ഉള്ള ചെലവിന്റെ താൽക്കാലിക കണക്ക് ചുവടെ നൽകുന്നു.

	ഇനം	ചെലവ്
1.	പ്രചരണം	8,62,800
2.	പ്രസിദ്ധീകരണം	21,62,650
3.	താമസം	7,69,500
4.	ഭക്ഷണം	5,07,945
5.	യാത്രാചെലവ്	4,40,980
6.	മറ്റിനം	10,55,345

(വേദികൾ നിർമ്മിച്ചതും കലാപരിപാടികൾ ഉൾപ്പെടെ)

(സി) ദേശസാൽകൃത ബാങ്കുകൾ, ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, സ്വിസ്സ് ഏജൻസി ഫോർ ഡെവലപ്പ്മെന്റ് ആന്റ് കോ-ഓപ്പറേഷൻ (എ.ഡി.സി) എന്നിവയിലൂടെയുള്ള സംഭാവന, പ്രതിനിധികളിൽനിന്ന് രജിസ്ട്രേഷൻ ഫീസ് മുതലായ രീതിയിലാണ് രാജ്യാന്തര സമ്മേളനത്തിന്റെ ഫണ്ടു സമാഹരിച്ചത്.

(ഡി) (1) പ്രാദേശിക ആസൂത്രണത്തിലും നിർവ്വഹണത്തിലും ലോകോത്തര മാതൃകയായി കാണിക്കാവുന്ന ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ ജനകീയാസൂത്രണത്തിന് കഴിഞ്ഞു എന്ന് ബോദ്ധ്യപ്പെടുത്തുവാൻ കഴിഞ്ഞു.

(2) കേരളത്തിൽ നടത്തുന്ന ജനകീയാസൂത്രണത്തിന് സമാന്തരമായി ലോകത്തു വളരെ ചുരുക്കം അനുഭവങ്ങളെ ഉള്ളൂവെന്ന് വ്യക്തമായി.

(3) ജനകീയാസൂത്രണത്തിന്റെ 250-ൽപരം മാതൃകാ വികസന പ്രവർത്തനങ്ങൾ ചിട്ടയായി ഡോക്യുമെന്റ് ചെയ്യുവാൻ സാധിച്ചു.

(4) സമ്മേളനത്തിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ജനകീയാസൂത്രണം വ്യവസ്ഥാപിതമാക്കുന്നതിന് നിയമഭേദഗതികളും ഭരണപരിഷ്ക്കാരങ്ങളും നടത്തുന്നതിന് കളമൊരുക്കി.

(5) ജനകീയാസൂത്രണത്തിന്റെ ഭൗതിക നേട്ടങ്ങൾ ക്രോഡീകരിക്കുവാൻ കഴിഞ്ഞു.

പ്ലാനിംഗ് കമ്മീഷന് സമർപ്പിച്ച വാർഷിക പദ്ധതി

31 (686) ശ്രീ. പി.ജെ. ജോയി :

ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ. എം. മുരളി :

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) 2000-2001-ൽ സംസ്ഥാനം എന്തു തുകയ്ക്കുള്ള വാർഷിക പദ്ധതിയാണ് പ്ലാനിംഗ് കമ്മീഷന് സമർപ്പിച്ചത്;

(ബി) എന്തു തുകയ്ക്കുള്ള പദ്ധതിയാണ് സംസ്ഥാനത്തിനു അനുവദിച്ചു കിട്ടിയത്; ഇതിൽ കേന്ദ്രവിഹിതം എത്ര; സംസ്ഥാന വിഹിതം എത്ര;

(സി) സംസ്ഥാന വിഹിതത്തിൽ എന്തു തുകയാണ് അധികമായി കണ്ടെത്തേണ്ടത്;

(ഡി) ഇതു എപ്രകാരം കണ്ടെത്താമെന്ന് കരുതുന്നു;

(ഇ) മറ്റു സംസ്ഥാനങ്ങൾ മുൻ വർഷത്തെ അപേക്ഷിച്ച് ഇരുപത്തിയഞ്ചും മുപ്പതും ശതമാനം വർദ്ധന നേടിയെടുക്കുമ്പോൾ സംസ്ഥാനം ഒൻപത് ശതമാനത്തിൽ താഴെമാത്രം വർദ്ധനവു വരുന്ന പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചതുകൊണ്ട് സംസ്ഥാനത്തിനു കിട്ടേണ്ട കേന്ദ്രവിഹിതത്തിൽ സാരമായ കുറവ് വന്നിട്ടുണ്ടോ; എങ്കിൽ അതിന് എന്തു പരിഹാരം കാണുവാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 3535 കോടി രൂപ.

(ബി) വ്യക്തമായ വിഭവ ലഭ്യതയുടെ അടിസ്ഥാനത്തിൽ 3317 കോടി രൂപയുടെ ഒരു 'കോർപ്ലാനി'നും (CORE PLAN) വിഭവലഭ്യത ഉറപ്പുവരുത്തുന്നതിനനുസരിച്ച്, സംസ്ഥാനം ആവശ്യപ്പെട്ട 3535 കോടി രൂപയുടെ തന്നെ പദ്ധതി നടപ്പാക്കുന്നതിനുമാണ് ആസൂത്രണ കമ്മീഷൻ അംഗീകാരം നൽകിയിട്ടുള്ളത്. അംഗീകരിക്കപ്പെട്ട 3317 കോടി രൂപയുടെ കോർപ്ലാനിൽ 882.98 കോടി രൂപ കേന്ദ്രവിഹിതവും 2434.02 കോടി രൂപ സംസ്ഥാന വിഹിതവുമാണ്.

(സി) സംസ്ഥാന സർക്കാർ തയ്യാറാക്കിയ വാർഷിക പദ്ധതിയുടെ അടങ്കലും (3535 കോടി രൂപ) ആസൂത്രണ കമ്മീഷൻ അംഗീകരിച്ച കോർപ്ലാനും (3317 കോടി രൂപ) കണക്കിലെടുക്കുമ്പോൾ, അവ തമ്മിൽ 218 കോടി രൂപയുടെ വിടവുണ്ട്. ഈ തുകയാണ് അധികമായി കണ്ടെത്തേണ്ടത്.

(ഡി) സംസ്ഥാനങ്ങൾക്ക് കേന്ദ്ര നികുതികളിൽ നിന്നുള്ള വിഹിതം നൽകുന്നതു സംബന്ധിച്ച് പത്താം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത 'പുതിയ ധന കൈമാറ്റ തത്വം' (Alternative Formulas for Devolution of Taxes) അനുസരിച്ച് 1996-97 മുതൽ 1999-2000 വരെയുള്ള കാലയളവിലേയ്ക്ക് സംസ്ഥാനത്തിനു ലഭ്യമാകുന്ന കുടിശ്ശിക മേൽപ്പറഞ്ഞ വിടവ് നികത്തുന്നതിനുവേണ്ടി വിനിയോഗിക്കുന്നതാണ്. കൂടാതെ പതിനൊന്നാം ധനകാര്യ കമ്മീഷൻ കേന്ദ്ര സർക്കാരിനു സമർപ്പിച്ച ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുൻ കൊല്ലങ്ങളിൽ ലഭിച്ചതിനേക്കാൾ കൂടുതൽ തുക കേന്ദ്ര നികുതിയിൽ നിന്നുമുള്ള വിഹിതമായി 2000-01-ൽ ലഭിക്കുമെന്നാണ് കരുതുന്നത്. ഇപ്രകാരം ലഭ്യമായേക്കാവുന്ന തുകയും ബാക്കി വരുന്ന കമ്മി, സംസ്ഥാനവും സ്വരൂപിക്കാമെന്നാണ് കരുതുന്നത്.

(ഇ) ആസൂത്രണ കമ്മീഷൻ എല്ലാ സംസ്ഥാനങ്ങളുമായി 2000-01-ലേയ്ക്കുള്ള പദ്ധതി ചർച്ച പൂർത്തീകരിച്ചിട്ടില്ല. ലഭ്യമായ വിവരങ്ങളനുസരിച്ച് പശ്ചിമബംഗാൾ, മഹാരാഷ്ട്ര, ഉത്തർപ്രദേശ്, പഞ്ചാബ് എന്നീ നാലു സംസ്ഥാനങ്ങളുടെ കോർപ്ലാനുകൾക്കാണ് ആസൂത്രണ കമ്മീഷൻ അംഗീ

LIBRARY ARCHIVES Kerala Legislative Assembly

കാരം നൽകിയിട്ടുള്ളത്. ഈ സംസ്ഥാനങ്ങൾക്ക് 2000-01 വർഷത്തേയ്ക്ക് പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ച കോർ പ്ലാനുകളും അവയുടെ മുൻവർഷത്തെ പദ്ധതി അടങ്കലുകളും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ ഈ വർഷത്തെ പദ്ധതി അടങ്കലുകളിൽ യഥാക്രമം 2.3 ശതമാനത്തിന്റെയും 5.4 ശതമാനത്തിന്റെയും 20.8 ശതമാനത്തിന്റെയും 9.7 ശതമാനത്തിന്റെയും കുറവ് വീതമാണുണ്ടായിട്ടുള്ളത്. എന്നാൽ കേരളത്തിന്റെ അടങ്കലിൽ മുൻവർഷത്തെ അപേക്ഷിച്ച് 2.1 ശതമാനം വർദ്ധനയുണ്ടായിട്ടുണ്ട്.

അതുപോലെ 2000-01 വർഷത്തേയ്ക്ക് ആവശ്യപ്പെട്ട പദ്ധതി അടങ്കൽ മുൻ വർഷത്തെ അടങ്കലുമായി താരതമ്യം ചെയ്യുമ്പോൾ, കേരളത്തിന്റെ പദ്ധതി അടങ്കലിൽ ഈ വർഷം 8.8 ശതമാനത്തിന്റെയും പശ്ചിമ ബംഗാളിന്റേതിൽ 9.6 ശതമാനത്തിന്റെയും മഹാരാഷ്ട്രയുടേതിൽ 1.4 ശതമാനത്തിന്റെയും പഞ്ചാബിന്റേതിൽ 0.75 ശതമാനത്തിന്റേയും വർദ്ധന ഉണ്ടായപ്പോൾ ഉത്തർപ്രദേശിന്റേതിൽ 8.8 ശതമാനത്തിന്റെ കുറവുണ്ടാകുകയാണ് ചെയ്തത്.

2000-01 വർഷത്തേയ്ക്ക് ആവശ്യപ്പെട്ട മുഴുവൻ പദ്ധതി അടങ്കലും അംഗീകരിച്ചു കിട്ടിയത് തമിഴ്നാടിനും ഗുജറാത്തിനുമാണ്. യഥാക്രമം 5700 കോടി രൂപയും 7600 കോടി രൂപയും ഇവയുടെ പദ്ധതി അടങ്കലുകളിൽ മുൻ വർഷത്തെ അപേക്ഷിച്ച് ഉണ്ടായിട്ടുള്ള വർദ്ധന യഥാക്രമം 8.6 ശതമാനവും 16 ശതമാനവുമാണ്.

ജനകീയാസൂത്രണത്തിന് പ്ലാനിംഗ് ബോർഡ് ചെലവാക്കിയ തുക

32 (687) ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണത്തിനായി 30.3.2000 വരെ എന്തു തുക പ്ലാനിംഗ് ബോർഡിലൂടെ ചെലവഴിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിനായി സർക്കാർ വകുപ്പുകളിൽക്കൂടി എന്തുതുക ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. ഇനം തിരിച്ചുള്ള വിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ) വിശദവിവരങ്ങൾ അനുബന്ധമായി† ചേർക്കുന്നു.

(ബി) ജനകീയാസൂത്രണത്തിനായി മറ്റു വകുപ്പുകളിൽനിന്നും തുക ചെലവഴിച്ചിട്ടില്ല.

പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തം കടം

33 (688) ശ്രീ. എം. മുരളി :

---

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly